പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2024-ലെ കേരള ആരോഗ്യ പരിരക്ഷ അവകാശ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 212

**2024-ലെ കേരള ആരോഗ്യ പരിരക്ഷ അവകാശ ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2024-ലെ കേരള ആരോഗ്യ പരിരക്ഷ അവകാശ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും തുല്യതയുള്ളതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ പരിചരണം ഉറപ്പു വരുത്തുന്നതിനും എല്ലാവർക്കും ആരോഗ്യവും സുസ്ഥിതിയും കൈവരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ജനങ്ങൾക്ക് ഗുണമേന്മയുള്ള ആരോഗ്യ പരിചരണം ഉറപ്പു വരുത്തണമെന്നതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ 21, 47 അനുച്ഛേദങ്ങളിൽ തുല്യതയുള്ള ആരോഗ്യവും ക്ഷേമവും അതിനുള്ള അവകാശവും വിഭാവനം ചെയ്തിട്ടുള്ളത് നേടണമെന്നതിനാലും;

സംസ്ഥാനത്ത് പൊതുജനാരോഗ്യ മേഖലയിൽ പുതുയുഗത്തിന് ആരംഭം കുറിക്കണമെന്നതിനാലും;

സംസ്ഥാത്തെ ഓരോ പൗരനും എത്താവുന്ന ഉന്നതനിലവാരത്തിലുള്ള ശാരീരിക-മാനസിക-ബൗദ്ധിക-സാമൂഹിക ക്ഷേമ തലത്തിലേയ്ക്ക് ചെന്നെത്തുന്നതിനും ഔന്നത്യമുള്ള ജീവിതം നയിക്കുന്നതിനും ഇടയാകുന്ന സാഹചര്യം സൃഷ്ടിക്കണമെന്നതിനാലും;

ഈ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ആരോഗ്യ സേവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് അവകാശങ്ങളിൽ അധിഷ്ഠിതമായ സമീപനം സ്വീകരിക്കേണ്ടത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ആരോഗ്യപരിരക്ഷ അവകാശ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ആരോഗ്യ പരിരക്ഷ അവകാശം'' എന്നാൽ അന്തസ്സുള്ള ജീവിതം നയിക്കുന്നതിന് പര്യാപ്തമായതും നിലവാരമുള്ളതുമായ ആരോഗ്യപരിരക്ഷ ലഭിച്ച് ശാരീരിക-മാനസിക ആരോഗ്യവും സുസ്ഥിതിയും കൈവരിക്കുന്നതിനുള്ള ഒരു വ്യക്തിയുടെ അവകാശം എന്നർത്ഥമാകുന്നു.

(ബി) "പകർച്ചവ്യാധി" എന്നാൽ 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28) 2-ാം വകുപ്പിൽ (1)(സി) ഉപവകുപ്പിൽ അതിന് നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(സി) "ആരോഗ്യ സംരക്ഷണ സ്ഥാപനം" എന്നാൽ 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28) 2-ാം വകുപ്പിലെ (1) (ഒ) ഉപവകുപ്പിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ഡി) ''ആരോഗ്യ സംരക്ഷണ പ്രവർത്തകർ'' എന്നാൽ 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28) 2-ാം വകുപ്പിലെ (1) (പി) ഉപവകുപ്പിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(ഇ) "ആരോഗ്യ സംരക്ഷണ സേവനങ്ങൾ" എന്നാൽ 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28) 2-ാം വകുപ്പിലെ (1) (ക്യൂ) ഉപവകുപ്പിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(എഫ്) "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തോ എന്നർത്ഥമാകുന്നു;

(ജി) ''പൊതുജനാരോഗ്യം'' എന്നാൽ 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28) 2-ാം വകുപ്പിലെ (1) (എ എൻ) ഉപവകുപ്പിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്;

(എച്ച്) ''സോഷ്യൽ ഓഡിറ്റ്'' എന്നാൽ സാമൂഹിക പരിമാണങ്ങൾ ഉപയോഗിച്ച് നടത്തപ്പെടുന്ന ഓഡിറ്റ് എന്നർത്ഥമാകുന്നു;

(ഐ) ''സംസ്ഥാന ആരോഗ്യ സമിതി'' എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി എന്നർത്ഥമാകുന്നു;

(ജെ) ''ജില്ലാ ആരോഗ്യ സമിതി''എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു;

(കെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എൽ) ''വിജ്ഞാപനം'' എന്നാൽ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എം) ''നിർണ്ണയിക്കപ്പെടുന്ന''എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

(എൻ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഒ) "കെട്ടിടം" എന്നാൽ വീട്, ഔട്ട് ഹൗസ്, അപ്പാർട്ട്മെന്റ്, ലയം, ശുചിമുറി, ഷെഡ്, കുടിൽ, പെട്ടിക്കട എന്നിങ്ങനെയുള്ളവ കൂടാതെ കല്ല്, ഇഷ്ടിക, ചെളി, ലോഹം അല്ലെങ്കിൽ മറ്റ് വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതി എന്നർത്ഥമാകുന്നു;

(പി) "അടിയന്തിര ചികിത്സ" എന്നാൽ ഒരു വ്യക്തിയുടെ ജീവന് ഭീഷണിയാകുന്ന രോഗത്താലോ അപകടത്താലോ കുറ്റകൃത്യത്താലുള്ളതോ അതുപോലെയുള്ള മറ്റേതെങ്കിലും അവസ്ഥയിലോ ആയ ഒരാൾക്ക് നൽകുന്നതായ പ്രാഥമിക ചികിത്സ ഉൾപ്പെടെ ജീവൻ നിലനിർത്തുന്നതിനാവശ്യമായ ചികിത്സ എന്ന് അർത്ഥമാകുന്നു.

3. ആരോഗ്യ പരിരക്ഷ അവകാശങ്ങൾ.—(1) സംസ്ഥാനത്തെ എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനത്തിൽനിന്നും ഓരോ പൗരനും തന്റെ ശാരീരിക- മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട് തനിക്കോ തന്നെ പരിചരിക്കുന്നയാൾക്കോ ഇനിപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) യഥാസമയം മാതൃഭാഷയിൽ അറിയുന്നതിനുള്ള അവകാശം:

(എ) രോഗകാരണം, രോഗത്തിന്റെ സ്വഭാവം, രോഗ നിർണ്ണയവുമായി ബന്ധപ്പെട്ട പരിശോധനാ വിവരങ്ങൾ;

(ബി) രോഗപരിചരണം സംബന്ധിച്ച വിവരങ്ങൾ, പ്രതീക്ഷിക്കുന്ന ചികിത്സാ ഫലങ്ങൾ, പാർശ്വഫലങ്ങൾ, രോഗത്തിന്റെയും ചികിത്സയുടെയും സങ്കീർണ്ണതകൾ, ചികിത്സാ ചെലവുകൾ;

(സി) ഓരോ ചികിത്സയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ വിവരങ്ങൾ.

(ii) യഥാസമയം രേഖകൾ ലഭിക്കുന്നതിനുള്ള അവകാശം:

(എ) രോഗ നിർണ്ണയവുമായി ബന്ധപ്പെട്ട ഡോക്ടറുടെ റിപ്പോർട്ട്;

(ബി) പരിശോധനാ റിപ്പോർട്ടുകൾ;

(സി) മരുന്നുകളുടെയോ പരിശോധനകളുടെയോ ചികിത്സയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നടപടിയുടെയോ ഇനം തിരിച്ചുള്ള ബിൽ;

(ഡി) നടത്തിയ ചികിത്സയുടെ സംഗ്രഹം;

(ഇ) പരിശോധനയുടെയോ ചികിത്സയുടെയോ വിവരം ലഭിക്കുന്ന ഡിജിറ്റലോ അല്ലാതെയോ ഉള്ള പകർപ്പുകൾ;

(എഫ്)) മറ്റൊരു ആരോഗ്യ പ്രവർത്തകനിൽനിന്നോ ആരോഗ്യ സംരക്ഷണ സ്ഥാപനത്തിൽനിന്നോ രണ്ടാമതൊരു അഭിപ്രായം തേടുന്നതിനാവശ്യമായ എല്ലാ രേഖകളും;

(ജി) മരണപ്പെട്ട കേസ്സുകളിൽ ഡെത്ത് സമ്മറി.

(iii) മറ്റ് അവകാശങ്ങൾ:—

(എ) ആരോഗ്യ സംരക്ഷണ സ്ഥാപനത്തിൽനിന്നും രോഗം, ചികിത്സ എന്നിവ സംബന്ധിച്ച വിവരം ചോർന്നുപോകാതിരിക്കുന്നതിനും അതിന് നൽകേണ്ട രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിലും;

(ബി) പൗരനെന്ന നിലയിൽ ലഭിക്കേണ്ട മാന്യതയും അന്തസ്സുറ്റ പെരുമാറ്റവും;

(സി) പ്രത്യേക പരിശോധനയ്ക്കോ ചികിത്സയ്ക്കോ വിധേയമാകണമെങ്കിൽ അതുസംബന്ധിച്ച് രോഗിയുടെയോ പരിചരിക്കുന്ന ആളിന്റെയോ അറിവോടെയുള്ള അനുവാദം നൽകുന്നതിൽ;

(ഡി) സ്ത്രീകൾക്ക് ചികിത്സയോ പരിശോധയോ പുരുഷ ആരോഗ്യ സംരക്ഷണ പ്രവർത്തകൻ നടത്തുന്നതിൽ ഒരു സ്ത്രീയുടെ സാന്നിധ്യം ലഭിക്കുന്നതിൽ;

(ഇ) മറ്റൊരു ആരോഗ്യ സംരക്ഷണ സ്ഥാപനത്തിൽ നിന്നും വ്യത്യസ്ത രീതിയിലുള്ള ചികിത്സ ലഭിക്കുന്നതിൽ;

(എഫ്) കാലവിളംബം കൂടാതെ ചികിത്സ ലഭിക്കുന്നതിന്;

(ജി) സ്വന്തമായി തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനോ പരിശോധനകൾ നടത്തുന്നതിനോ;

(എച്ച്) എച്ച്.ഐ.വി. പോസിറ്റീവ് പോലെയുള്ള ഏതെങ്കിലും രോഗമോ ഒരാളുടെ ആരോഗ്യ സ്ഥിതിയുടെയോ ജാതിയുടെയോ മതത്തിന്റെയോ വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയോ ലിംഗത്തിന്റെയോ സ്ഥലത്തിന്റെയോ മറ്റേതിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ ചികിത്സ നിഷേധിക്കപ്പെടാതിരിക്കുന്നതിൽ;

(ഐ) നിർണ്ണയിക്കാവുന്ന പ്രകാരവും ചട്ടങ്ങളിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും തന്റെ താമസ സ്ഥലത്തിന് ഏറ്റവും അടുത്തുള്ളതോ അല്ലെങ്കിൽ മറ്റേതൊരു പൊതുജനാരോഗ്യ സംരക്ഷണ സ്ഥാപനത്തിൽനിന്നും അതിന്റെ തലത്തിൽ ലഭിക്കാവുന്ന സേവനങ്ങൾ കൂടാതെ ഡോക്ടറെ കാണുന്നതിനും ഗുണമേന്മയുള്ള മരുന്നുകൾ, വാക്സിനുകൾ എന്നിവ ലഭിക്കുന്നതിനും നിർദ്ദേശിക്കുന്ന പരിശോധനകളും ചികിത്സയും നടത്തുന്നതിനും ആവശ്യമാകുന്നപക്ഷം ആംബുലൻസ് സേവനമുൾപ്പെടെ എല്ലാത്തരം സേവനങ്ങളും സൗജന്യമായി ലഭിക്കുന്നതിനും;

(ജെ) ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായ ഗുണനിലവാരമുള്ളതും വിശ്വസനീയമായ ചികിത്സ ലഭിക്കുന്നതിനും;

(കെ) ഏതെങ്കിലും ആരോഗ്യ സേവനം ലഭിച്ചതിൻമേൽ പരാതിയുള്ള പക്ഷം അത് കേൾക്കുന്നതിനും പരിഹരിക്കുന്നതിനും;

(എൽ) നിർണ്ണയിക്കുന്ന രീതിയിൽ ഏതെങ്കിലും പൊതു/സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനത്തിൽനിന്നും മറ്റൊരു സ്ഥാപനത്തിലേയ്ക്ക് എത്തുന്നതിനുള്ള ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിൽ;

(എം) ഏതൊരു രോഗാവസ്ഥയ്ക്കും സൗജന്യമായി ഗുണമേന്മയുള്ള ചികിത്സ തന്റെ താമസസ്ഥലത്തോട് ഏറ്റവും അടുത്ത് ഉറപ്പായും ലഭിക്കുന്നതിന്;

(എൻ) നിർദ്ദേശിക്കപ്പെട്ട ഒരു ചികിത്സ നിരസിക്കുന്നതിന്.

(2) ഒരു രോഗിയുടെ ശാരീരിക-മാനസിക ആരോഗ്യത്തിന് ദോഷകരമാകുമെന്നോ ഗർഭസ്ഥശിശുവിനെ ബാധിക്കുമെന്നോ കരുതുന്നതിന് വ്യക്തമായ തെളിവുകളോടെ ബോദ്ധ്യമാകുന്നപക്ഷം 3-ാം വകുപ്പ് (1)(i) ഉപവകുപ്പ് (എ), (ബി) ഇനങ്ങൾ പ്രകാരമുള്ള വിവരം രോഗിക്ക് നൽകേണ്ടതില്ല.

4. സർക്കാരിന്റെ ചുമതലകൾ.— (1) സംസ്ഥാനത്തെ ഓരോ പൗരനും ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ മികച്ച രീതിയിൽ പ്രദാനം ചെയ്യുന്നതിന് ഇനിപ്പറയുന്ന ചുമതലകൾ സർക്കാർ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ആരോഗ്യ പരിരക്ഷ അവകാശം നടപ്പിലാക്കുന്നതിന് സംസ്ഥാന ബജറ്റിൽ ആരോഗ്യ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകി ഗണ്യമായ തുക വകയിരുത്തുക;

(ii) നിലവിലുള്ള ഏതൊരു പൊതുജനാരോഗ്യ സംരക്ഷണ സ്ഥാപനത്തിലെയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുക;

(iii) എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനത്തിലും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക;

(iv) പൊതുജനാരോഗ്യ സേവനങ്ങളിൽ കൃത്യനിഷ്ഠ ഉറപ്പാക്കുക;

(v) ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ മാനവശേഷി വികസനവുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുകയും അപ്രകാരം എല്ലാ സ്ഥാപനങ്ങളിലും മതിയായ നൈപുണ്യമുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക;

(vi) ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന നിലവാരത്തിലുള്ള ഹെൽത്ത് ഓഡിറ്റും പരാതി പരിഹാര സംവിധാനവും രൂപീകരിക്കുക;

(vii) എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഗുണമേന്മയുള്ള ചികിത്സ നൽകുന്നതിനും വ്യക്തികളുടെ ആരോഗ്യപരിപാലനത്തിനുള്ള നിലവാരം കണ്ടെത്തുകയും ചെയ്യുക;

(viii) രോഗമില്ലാതിരിക്കുക എന്നതിനോടൊപ്പം രോഗപ്രതിരോധത്തിൽ ഊന്നിയതും ആരോഗ്യം മെച്ചപ്പെടുത്തുന്നതും സംരക്ഷിക്കുന്നതുമായ ആരോഗ്യപരിപാലനം സംബന്ധിച്ച് ക്രമമായി പൊതുജനങ്ങളെ ബോധവാന്മാരാക്കുന്ന പദ്ധതി ആവിഷ്കരിക്കുകയും എല്ലാ ആരോഗ്യ സംരക്ഷണ സേവനങ്ങളും അതിലേയ്ക്ക് സംയോജിപ്പിക്കുകയും ചെയ്യുക;

(ix) പ്രാഥമിക ആരോഗ്യസംരക്ഷണ സേവനങ്ങൾ ഒരു രോഗിക്കും യാതൊരു ആരോഗ്യപരിപാലന കേന്ദ്രത്തിലും നിരസിക്കുകയോ പൂർണ്ണ ചികിത്സ നൽകാൻ സാധിക്കുന്ന അത്തരം കേന്ദ്രങ്ങളിൽ നിന്നും പറഞ്ഞയയ്ക്കുകയോ ചെയ്യാതിരിക്കുവാൻ നടപടി സ്വീകരിക്കുക;

(x) കാലാകാലങ്ങളിൽ ഓരോ പ്രദേശത്തും കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങൾക്ക് യഥാസമയം അറിവ് നൽകുകയും ബോധവൽക്കരണ നടപടികൾ ശാക്തീകരിക്കുകയും ചെയ്യുന്നതിനുള്ള ഉചിത നടപടികൾ കൈക്കൊള്ളുക;

(xi) ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം നടത്തുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക;

(xii) പകർച്ചവ്യാധികളും മഹാമാരി പോലെയുള്ള പൊതുജനാരോഗ്യ പ്രതിസന്ധികളും തടയുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുക;

(xiii) മതിയായ പോഷകഗുണമുള്ളതും സുരക്ഷിതവുമായ ഭക്ഷണം, സുരക്ഷിത കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനും പരിസരശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുക;

(xiv) ആരോഗ്യ സംരക്ഷണ പ്രവർത്തകർക്ക് കാലാകാലങ്ങളിൽ നൂതന ചികിത്സാ മാർഗ്ഗങ്ങളിൽ പ്രായോഗിക പരിശീലനം ഉറപ്പാക്കുക.

5. സംസ്ഥാന ആരോഗ്യ സമിതി രൂപീകരണം.—(1) സർക്കാർ, ഔദ്യോഗിക വിജ്ഞാപനത്തിലൂടെ താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന സംസ്ഥാന ആരോഗ്യ സമിതി എന്ന പേരിൽ ഒരു സ്വതന്ത്ര സമിതി രൂപീകരിക്കേണ്ടതാണ്, അതായത്,—

(എ) സംസ്ഥാന ആരോഗ്യ വകുപ്പുസെക്രട്ടറി - എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ;

(ബി) സംസ്ഥാന പൊതുജനാരോഗ്യ അധികാരി - എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറി;

(സി) ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം - എക്സ്-ഒഫീഷ്യോ മെമ്പർ;

(ഡി) ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ- എക്സ് - ഒഫീഷ്യോ മെമ്പർ;

(ഇ) ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം - എക്സ്-ഒഫീഷ്യോ മെമ്പർ;

(എഫ്) ഡയറക്ടർ, ഹോമിയോപ്പതിക്ക് ഡിപ്പാർട്ട്മെന്റ് - എക്സ്-ഒഫീഷ്യോ മെമ്പർ;

(ജി) പൊതുജനാരോഗ്യത്തിലോ ആശുപത്രി മാനേജ്മെന്റിലോ പ്രവർത്തി പരിചയവും വൈദഗ്ദ്ധ്യവും നേടിയിട്ടുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(2) (1) (ജി) ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) സംസ്ഥാന ആരോഗ്യ സമിതി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(4) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും സമിതി യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(5) സമിതി, അതിന്റെ യോഗങ്ങളിൽ, ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(6)സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(7) സമിതിയുടെ ഒരു യോഗത്തിന് മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(8) സമിതിയുടെ ഓരോ യോഗത്തിന്റെയും നടപടിക്കുറിപ്പ് അപ്രകാരമുള്ള യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

6. സംസ്ഥാന ആരോഗ്യ സമിതിയുടെ ചുമതലകൾ.—സംസ്ഥാന ആരോഗ്യ സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്,—

(1) പൊതുജനാരോഗ്യം സംബന്ധിച്ച് ഏതു വിഷയത്തിലും സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുക;

(2) രോഗപ്രതിരോധം, ആരോഗ്യം, രോഗശമനം, പുനരധിവാസം എന്നിവയിലും വ്യക്തികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് തൊഴിൽപരമോ പാരിസ്ഥിതികമോ സാമൂഹ്യ-സാമ്പത്തികമോ ആയ വ്യവസ്ഥിതികൾ നിർണ്ണയിക്കുക;

(3) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ പ്രതിവർഷം കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണ്ണയിക്കുക;

(4) ആരോഗ്യ രംഗത്ത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക;

(5) സംസ്ഥാനത്തെ ഏതെങ്കിലും മേഖലയിലെ പകർച്ചവ്യാധികൾ ഉൾപ്പെടെ ഏത് രോഗവും തടയുന്നതിനും നേരിടുന്നതിനും നിയന്ത്രിക്കുന്നതിനും സമഗ്രമായ ആരോഗ്യ നയം രൂപീകരിച്ച് സർക്കാരിന് സമർപ്പിക്കുക;

(6) അടിയന്തര സാഹചര്യങ്ങളിലെ പൊതുജനാരോഗ്യ പരിപാലന സംവിധാനത്തിന്റെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തുക;

(7) എല്ലാ തലങ്ങളിലുമുള്ള ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് തുടരെയുള്ള മെഡിക്കൽ/ക്ലിനിക്കൽ/സോഷ്യൽ ഓഡിറ്റിംഗ് നടത്തുക;

(8) ജില്ലാ ആരോഗ്യ സമിതിയുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുക;

(9) സ്വകാര്യ മേഖലയിൽ നിന്നും നൽകപ്പെടുന്ന ആരോഗ്യപരിപാലന സേവനങ്ങളും മരുന്നുകളും പരിശോധനാ സംവിധാനങ്ങളും ഗുണമേന്മയുള്ളതാണെന്നും അവയ്ക്ക് നിയന്ത്രിതമായ വിലയേ ഈടാക്കുന്നുള്ളൂ എന്നും ഉറപ്പ് വരുത്തുക;

(10) സംസ്ഥാനത്തെ ഓരോ പൗരനും ആരോഗ്യ പരിരക്ഷ അവകാശം ലഭിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും ആവശ്യമായ ക്രിയാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക;

(11) സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുക.

7. ജില്ലാ ആരോഗ്യ സമിതി രൂപീകരണം.—(1) സർക്കാർ, 5-ാം വകുപ്പ് പ്രകാരം സംസ്ഥാന ആരോഗ്യ സമിതി രൂപീകരിച്ചശേഷം മൂന്ന് മാസത്തിനകം എല്ലാ ജില്ലകളിലും ഔദ്യോഗിക വിജ്ഞാപനത്തിലൂടെ, ജില്ലാ ആരോഗ്യ സമിതി എന്ന പേരിൽ ഒരു സ്വതന്ത്ര സമിതി രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാ ആരോഗ്യ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്,—

(എ) ജില്ലാ കളക്ടർ -എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ;

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ - എക്സ്-ഒഫീഷ്യോ സെക്രട്ടറി;

(സി) ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവ്വേദ-എക്സ്-ഒഫീഷ്യോ അംഗം;

(ഡി) ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി എക്സ്-ഒഫീഷ്യോ അംഗം;

(ഇ) ഹെൽത്ത് ഓഫീസർ(മാർ), ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനം - എക്സ്-ഒഫീഷ്യോ അംഗം;

(എഫ്) ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന ഒരാൾവീതം - എക്സ്-ഒഫീഷ്യോ അംഗം;

(ജി) ജില്ലയിൽ പൊതുജനാരോഗ്യത്തിലോ ആശുപത്രി മാനേജ്മെന്റിലോ പ്രാമുഖ്യം തെളിയിച്ചിട്ടുള്ളവരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(3) ജില്ലാ ആരോഗ്യ സമിതി കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(4) ജില്ലാ സമിതി അംഗങ്ങളിൽ എക്സ്-ഒഫീഷ്യോ അല്ലാത്തവരുടെ കാലാവധി അദ്ദേഹം അംഗമായ തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കുന്നതാണ്.

(5) എക്സ്-ഒഫീഷ്യോ അല്ലാത്ത അംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലായിരിക്കുന്നതാണ്.

(6) സമിതി, അതിന്റെ യോഗങ്ങളിൽ, ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(7) സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(8) സമിതിയുടെ ഒരു യോഗത്തിന് മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(9) സമിതി യോഗനടപടിക്കുറിപ്പ് അപ്രകാരമുള്ള യോഗം നടന്ന് പതിനഞ്ച് ദിവസത്തിനകം സംസ്ഥാന ആരോഗ്യ സമിതിക്കും സർക്കാരിനും അയച്ചു കൊടുക്കേണ്ടതാണ്.

8. ജില്ലാ ആരോഗ്യ സമിതിയുടെ ചുമതലകൾ.—ജില്ലാ ആരോഗ്യ സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) സർക്കാരിന്റെയും സംസ്ഥാന ആരോഗ്യ സമിതിയുടെയും നയങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും നടപ്പാക്കുന്നത് ഉറപ്പ് വരുത്തുക;

(ii) ഭക്ഷണം, വെള്ളം, ശുചിത്വം, പരിസ്ഥിതി എന്നീ ആരോഗ്യ സംബന്ധമായ ഘടകങ്ങളിൽ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും സർക്കാർ അംഗീകാരത്തോടെ നയപരമായി നടപ്പാക്കുകയും ചെയ്യുക;

(iii) ജില്ലയിൽ ഏതെങ്കിലും സാംക്രമിക രോഗമോ വിജ്ഞാപനം ചെയ്ത പകർച്ചവ്യാധിയോ ഉണ്ടാകുകയോ അല്ലെങ്കിൽ അവ അതിവേഗം വ്യാപിക്കാവുന്ന രോഗമാണെന്ന അറിയിപ്പ് ഉണ്ടാവുകയോ പൊതുജനാരോഗ്യ അടിയന്തിരാവസ്ഥ സംജാതമാകുകയോ ചെയ്യുന്ന അവസരങ്ങളിൽ അവ ഫലപ്രദമായി തടയുന്നതിനും നിരീക്ഷിക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനും ലിഖിതമായ പദ്ധതി ആവിഷ്കരിക്കുക;

(iv) മതിയായ സുരക്ഷിത ഭക്ഷണം, വെള്ളം, ശുചിത്വമുള്ള പരിസരം എന്നിവ ജില്ല മുഴുവനും ലഭ്യമാകുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക;

(v) ആരോഗ്യ പരിപാലന സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നത് ലാക്കാക്കി ജില്ലയിലെ എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിക്കുകയും ഗുണഭോക്താക്കളുടെ അഭിപ്രായം നേരിട്ട് ആരായുകയും ചെയ്യുക;

(vi) റസിഡന്റ്സ് അസ്സോസിയേഷൻ പോലെ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ആരോഗ്യ സേവനരംഗത്തെ ക്ഷമതയുള്ള സഹദാതാക്കളായി ഉൾപ്പെടുത്തുകയും ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട സൂചകങ്ങൾ കണ്ടെത്തുകയും അവ നിരീക്ഷിക്കുന്നതിനുള്ള ടൂളുകൾ സൃഷ്ടിച്ച് ആവശ്യമായ വിവരം സർക്കാരിന് ലഭ്യമാക്കുകയും ചെയ്യുക;

(vii) ജില്ലാ സമിതിക്ക് നൽകിയിട്ടുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുകയും അവ തീർപ്പ് കല്പിക്കുകയും ചെയ്യുക;

(viii) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും സമിതി യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(ix) ജില്ലയിലെ ഓരോ വ്യക്തിക്കും ആരോഗ്യ പരിരക്ഷ അവകാശം ലഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക;

(x) കാലാകാലങ്ങളിൽ സർക്കാരും സംസ്ഥാന സമിതിയും ആവശ്യപ്പെടുന്നവ നടപ്പാക്കുക.

9. പരാതി പരിഹരിക്കൽ.—(1) ഈ ആക്റ്റ് നിലവിൽ വന്ന് ആറ് മാസത്തിനകം സർക്കാർ, പരാതി പരിഹാര സംവിധാനം രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന പരാതി പരിഹാര സംവിധാനത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തേണ്ടതാണ്,—

(എ) ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും സേവനം നിഷേധിക്കുകയോ അവകാശങ്ങളിൽ ലംഘനം വരികയോ ചെയ്യുന്ന വിഷയങ്ങളിൽ പരാതി നൽകുന്നതിലേയ്ക്കായി ഒരു പ്രത്യേക വെബ്പോർട്ടലും ഓൺലൈൻ ഹെൽപ് ലൈൻ കേന്ദ്രവും ആരംഭിക്കുക;

(ബി) ഓരോ ആരോഗ്യ സംരക്ഷണ കേന്ദ്രത്തിലും പരാതി സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ആ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തി വിനിയോഗിക്കേണ്ടതാണ്;

(സി) ഹെൽപ് ലൈൻ കേന്ദ്രത്തിലൂടെ ഓൺലൈനായോ അല്ലാതെയോ അല്ലെങ്കിൽ വെബ്പോർട്ടൽ മുഖേനയോ ലഭിക്കുന്ന പരാതി ഏത് പ്രാദേശിക തലത്തിലെ ആരോഗ്യ സംരക്ഷണ പ്രവർത്തകനാണോ സ്വീകരിക്കുന്നത് അയാൾ അപ്രകാരം ലഭിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സഹിതം കഴിവതുംവേഗം പരാതി പരിഹരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്;

(ഡി) അപ്രകാരമുള്ള ഉദ്യോഗസ്ഥൻ പരാതിയുടെ സ്വഭാവത്തിനനുസൃതമായി പരാതി ലഭിച്ച് അടുത്ത ഇരുപത്തിനാല് മണിക്കൂറുകൾക്കകം അതിന്മേൽ നടപടി സ്വീകരിക്കേണ്ടതും അക്കാര്യം പരാതിക്കാരനെ എത്രയുംവേഗം അറിയിക്കേണ്ടതുമാണ്;

(ഇ) പരാതി വെബ്പോർട്ടലിലോ ഹെൽപ് ലൈൻ കേന്ദ്രത്തിലോ ലഭിച്ച് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ പരിഹരിക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതി കഴിവതുംവേഗം ജില്ലാ ആരോഗ്യ സമിതിയെ അറിയിക്കേണ്ടതാണ്;

(എഫ്) ജില്ലാ ആരോഗ്യ സമിതിക്ക് കൈമാറി ലഭിക്കുന്ന പരാതികളിൽ അവ അടിയന്തര സ്വഭാവമുള്ളതാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ജില്ലാ സമിതി ഏറ്റവും അടുത്ത സമയത്ത് യോഗം ചേർന്ന് പരാതി പരിഗണിച്ച് പരിഹാരം തേടേണ്ടതും സ്വീകരിച്ച നടപടി, യോഗം ചേർന്ന് ഏഴ് ദിവസത്തിനകം വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്;

(ജി) ജില്ലാ ആരോഗ്യ സമിതിക്ക് പരാതി പരിഹാരത്തിന് ആവശ്യമെന്ന് കരുതുന്നപക്ഷം പരാതിക്കാരനെയും ബന്ധപ്പെട്ടവരെയും കേൾക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നടപടി സ്വീകരിക്കാവുന്നതാണ്;

(എച്ച്) ജില്ലാ ആരോഗ്യ സമിതിക്ക് ലഭിച്ച പരാതി പരിഹരിക്കുന്നതിന് സാധിക്കുന്നില്ലെന്ന് കാണുന്നപക്ഷം അപ്രകാരമുള്ള പരാതി ജില്ലാ ആരോഗ്യ സമിതി കഴിവതുംവേഗം സംസ്ഥാന ആരോഗ്യ സമിതിക്ക് കൈമാറേണ്ടതാണ്;

(ഐ) സംസ്ഥാന ആരോഗ്യ സമിതി അപ്രകാരം ലഭിക്കുന്ന പരാതിയിന്മേൽ സർക്കാർ നിർദ്ദേശങ്ങൾ കണക്കിലെടുത്തും ആവശ്യമായ അന്വേഷണങ്ങൾക്കുംശേഷം സമിതി എത്രയുംവേഗം യോഗം ചേർന്ന് തീരുമാനം എടുക്കേണ്ടതും പരാതി ലഭിച്ച് പതിനഞ്ച് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്.

10. അന്വേഷണം നടത്തുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള അധികാരം .—(1) ജില്ലാ ആരോഗ്യ സമിതിക്കും സംസ്ഥാന ആരോഗ്യ സമിതിക്കും ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലോ ആവശ്യമെന്ന് കരുതുന്ന അത്തരം സന്ദർഭങ്ങളിൽ സ്വന്തം നിലയ്ക്കോ അന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ആരായുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ പ്രവേശിച്ച് പരിശോധന നടത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അതത് സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഉപസമിതി രൂപീകരിക്കുന്നതിനോ ഏതെങ്കിലും ഉപസമിതി അംഗത്തെ ഏതെങ്കിലും പരിഗണനാ വിഷയത്തിന്മേൽ പ്രത്യേക അന്വേഷണമോ നിരീക്ഷണമോ മറ്റേതെങ്കിലും നടപടി സ്വീകരിക്കുന്നതിനോ ചുമതലപ്പെടുത്തുകയോ ചെയ്യുന്നതിന് അതത് സമിതിക്ക് സർക്കാരിനേയോ മേൽസമിതിയേയോ അതത് സംഗതിപോലെ അറിയിച്ചശേഷം നിയോഗിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പും പ്രകാരമുള്ള നടപടികൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

11. കുറ്റത്തിന്മേൽ നടപടിയെടുക്കൽ.—ഈ ആക്റ്റിലെ വ്യവസ്ഥകളോ ആക്റ്റിന്മേൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ ലംഘിക്കുന്നതായോ ലംഘിക്കപ്പെട്ടതായോ ജില്ലാ സമിതിയോ സംസ്ഥാന സമിതിയോ കണ്ടെത്തുന്ന പക്ഷം നിർണ്ണയിക്കപ്പെടാവുന്ന പിഴ ഏർപ്പെടുത്തുകയോ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷനോ ലൈസൻസോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള പിഴ ചുമത്തുന്നതിനോ രജിസ്ട്രേഷനോ ലൈസൻസോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുൻപായും അതത് സമിതി, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലുള്ള അധികാരസ്ഥാനം, അതേ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് കണക്കിലെടുക്കേണ്ടതും അപ്രകാരം സ്വീകരിക്കുന്ന നടപടികളിൽ വൈരുദ്ധ്യം ഉണ്ടാകുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

12. അപ്പീലുകൾ.—(1) ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും സംഗതികളാൽ തീരുമാനമെടുക്കപ്പെട്ടതിന്റെ കാരണത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കപ്പെടുന്ന ഒരു അപ്പീൽ, ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം സർക്കാർ, വിജ്ഞാപനത്തിലൂടെ, നിയമിച്ച അപ്പീൽ അധികാരി, അപ്രകാരമുള്ള അപ്പീൽ ലഭിച്ച് അറുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

13. അധികാരം ദുർവിനിയോഗം തടയൽ.—ഈ ആക്റ്റിനാലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലോ നൽകപ്പെട്ട ഏതെങ്കിലും അധികാരം ഏതെങ്കിലും സമിതിയോ സമിതിയംഗമോ ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയാൽ നിർണ്ണയിക്കപ്പെടുന്ന പിഴ ശിക്ഷ നൽകേണ്ടതാണ്:

എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിയും സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സ്വീകരിക്കുവാൻ പാടുള്ളതല്ല.

14. സിവിൽ കോടതികളുടെ ആധികാരിതക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ സർക്കാരോ സമിതിയോ അധികാരപ്പെടുത്തിയ ഉപസമിതിയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ സംഗതിയോ തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

15. ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു നടപടികൾ സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമനടപടികളോ ഒരാൾക്കെതിരെ നിൽക്കുന്നതല്ല.

16. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

17. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം ഉടൻതന്നെ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

രാജ്യത്തിന്റെ അഭിവൃദ്ധിക്കും നിലനിൽപ്പിനും അടിസ്ഥാനമായ ഒരു സുപ്രധാന ഘടകം അവിടെ വസിക്കുന്ന ജനങ്ങളുടെ ആരോഗ്യമാണ്. ഇക്കാരണത്താലാണ് ആരോഗ്യരംഗത്ത് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ സർക്കാർ ജാഗ്രത പുലർത്തുന്നത്. ഏതൊരു വ്യക്തിക്കും ഉയർന്ന തലത്തിലുള്ള ശാരീരിക-മാനസിക-ബൗദ്ധിക-സാമൂഹിക സുസ്ഥിതി കൈവരിക്കുവാൻ സാധിക്കണം. ലോകാരോഗ്യ സംഘടന ഇത് ഒരു വ്യക്തിയുടെ മൗലിക അവകാശമായി അതിന്റെ ഭരണഘടനയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഒരു വ്യക്തിയുടെ ആരോഗ്യ പരിരക്ഷ എന്നത് അയാളുടെ അവകാശമെന്ന നിലയ്ക്ക് കരുതപ്പെടേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ജീവിക്കാനുള്ള അവകാശത്തോട് ചേർന്നതാണ് ആരോഗ്യ പരിരക്ഷ. ആരോഗ്യ പരിരക്ഷ ഒരു വ്യക്തിപരമായ അവകാശം എന്ന നിലയിൽ സ്ഥാപിക്കപ്പെടുന്നതിന് നിയമപരമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം നിറവേറ്റുന്നതാണ് 2024-ലെ കേരള ആരോഗ്യ പരിരക്ഷ അവകാശ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ആരോഗ്യ പരിരക്ഷാവകാശം എന്ന ലക്ഷ്യം നേടുന്നതിന് സംസ്ഥാന ആരോഗ്യ സമിതിയും ജില്ലാ ആരോഗ്യ സമിതിയും രൂപീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവുകൾ അവ പ്രവർത്തനക്ഷമമായ ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളു എങ്കിലും പ്രാരംഭത്തിൽ അതിലേയ്ക്കായി ഇരുപത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (1)(iii) പ്രകാരം ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള ഹെൽത്ത് ഓഡിറ്റ് നടത്തുന്നതിന് പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (1) പ്രകാരം സംസ്ഥാന ആരോഗ്യ സമിതി രൂപീകരണവുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (2) പ്രകാരം സംസ്ഥാന ആരോഗ്യ സമിതിയിൽ അംഗമാകുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (4) പ്രകാരം സംസ്ഥാന സമിതി അതിന്റെ യോഗങ്ങൾ കൂടേണ്ട സമയവും സ്ഥലവും അങ്ങനെയുള്ള യോഗം വിളിച്ച് ചേർക്കുകയും യോഗം നടത്തേണ്ടതിന്റെ രീതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ റെഗുലേഷൻ ഉണ്ടാക്കേണ്ടതാണ്.

(5) ബില്ലിലെ ഖണ്ഡം 7, ഉപഖണ്ഡം (2) പ്രകാരം ജില്ലാ ആരോഗ്യ സമിതി രൂപീകരണവുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ ഖണ്ഡം 7, ഉപഖണ്ഡം (5) പ്രകാരം ജില്ലാ ആരോഗ്യ സമിതി അംഗങ്ങളിൽ എക്സ്-ഒഫീഷ്യോ അല്ലാത്ത അംഗങ്ങളുടെ സേവന - വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ ഖണ്ഡം 8, ഉപഖണ്ഡം (viii) പ്രകാരം ജില്ല സമിതി അതിന്റെ യോഗങ്ങൾ കൂടേണ്ട സമയവും സ്ഥലവും അങ്ങനെയുള്ള യോഗം വിളിച്ച് ചേർക്കുകയും യോഗം നടത്തേണ്ടതിന്റെ രീതിയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ റെഗുലേഷൻ ഉണ്ടാക്കേണ്ടതാണ്.

(8) ബില്ലിലെ ഖണ്ഡം 11 പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചതിന് ചുമത്താവുന്ന പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ ഖണ്ഡം 12 ഉപഖണ്ഡം (1) പ്രകാരം അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ ഖണ്ഡം 12 ഉപഖണ്ഡം (2) പ്രകാരം അപ്പീൽ അധികാരിയെ നിയമിക്കുന്നതിനും വിജ്ഞാപനം ചെയ്യുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ ഖണ്ഡം 13 പ്രകാരം ഈ ആക്റ്റിനാലോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാലോ നൽകപ്പെടുന്ന അധികാരം ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയതിന്മേൽ ചുമത്താവുന്ന പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബില്ലിലെ ഖണ്ഡം 17 ഉപഖണ്ഡം (1) സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ.എൻ.ജയരാജ്.